പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം.

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.*254.

2.4.2013- ൽ
മറുപടിയ്ക്ക്

കസാക്ക് രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം.എ.വാഹിദ് .<br>ശ്രീ. പാലോട് രവി .<br>ശ്രീ.വി.പി.സജീന്ദ്രൻ.<br>ശ്രീ.അൻവർസാദത്ത് . | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കസാക്ക് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. പ്രൊഫ.ജ്ഞാനം ചെയർമാനായി രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അതിന്റെ ഘടനയും നിയമാവലിയും ക്രമപ്പെടുത്തുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പരിഗണനയിലാണ്. |
| (ബി) | ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അദ്ധ്യാപകരുടെയും ഗുണനിലവാരം വിലയിരുത്തുക എന്നതാണ് ഉദ്ദേശ ലക്ഷ്യം.<br>1. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരം ഉറപ്പ് വരുത്തുവാൻ സഹായകമായ ചട്ടക്കൂടിന് രൂപം നൽകുക.<br>2. സ്വയം മൂല്യനിർണ്ണയം (self evaluation), സ്വയംഭരണം (autonomy) എന്നിവ പ്രോത്സാഹിപ്പിക്കൽ.<br>3. ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള ഗവേഷണവും ( Research), പുതിയ രീതികളും ( innovation) ഉപയോഗപ്പെടുത്തുന്നതിന് വേണ്ടി, യൂണിവേഴ്സിറ്റികൾ, കോളേജുകൾ എന്നിവയ്ക്ക് പ്രചോദനം നൽകുക.<br>4. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണഭോക്താക്കളെയും, ബന്ധപ്പെട്ടവരേയും ഗുണമേന്മ |

നിർണ്ണയത്തിൽ പങ്കാളികളാകുക.

5. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമികമായ ലക്ഷ്യങ്ങൾ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുക.
6. ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് വേണ്ടി, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കിടയിൽ ആരോഗ്യകരമായ മത്സരം പ്രോത്സാഹിപ്പിക്കുക.
7. അദ്ധ്യാപകരുടെ ഗുണമേന്മ ഉറപ്പ് വരുത്തുകയും, പ്രത്സാഹിപ്പിക്കുകയും ചെയ്യുക.

(സി) സംസ്ഥാനത്തെ കോളേജുകളുടെ ഗുണനിലവാരപരിശോധനയ്ക്ക് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കസാക്ക് (KSACC) കമ്മിറ്റി നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ .

<u>എ. നിർബന്ധ മാനദണ്ഡങ്ങൾ</u>

1. പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ടവ.
2. അധ്യാപക ഗുണനിലവാരം
3. പഠന-ബോധന നിലവാരം അളക്കൽ
4. ഗവേഷണവും, കൺസൾട്ടൻസിയും.
5. അടിസ്ഥാന സൗകര്യങ്ങളും , ലാബ്, ലൈബ്രറി തുടങ്ങിയുള്ള പഠന വിഭവങ്ങൾ.
6. വിദ്യാർത്ഥികൾക്ക് പിൻബലവും, പ്രചോദനവും നൽകുന്ന സംവിധാനങ്ങളും, രീതികളും.
7. ഭരണ നിർവ്വഹണവും, നേതൃത്വവും.

<u>ബി. ഐച്ഛിക മാനദണ്ഡങ്ങൾ.</u>

1. ഭരണനിർവ്വഹണവും, കാമ്പസ് ബാഹ്യപ്രവർത്തനങ്ങളും ( Extension)
2. അന്താരാഷ്ട്രവൽക്കരണം.

3. തൊഴിൽ നിപുണത.

4. നവീന മാതൃകളും, ആശയങ്ങളും കണ്ടെത്തലും നടപ്പാക്കലും.

(ഡി) എൻ.എ.എ.സി.യുടെ ഗുണ നിലവാരം പരിശോധനയിൽ നിന്ന് വ്യത്യസ്തമായ എന്തെല്ലാം മാനദണ്ഡങ്ങളോടെയാണ് ഇതിന് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

(ഡി) NAAC ന്റേത് 7 മാനദണ്ഡങ്ങളാണ്. KSACC ന്റേത്, രണ്ട് ഐച്ഛിക മാനദണ്ഡങ്ങളടക്കം 9 മാനദണ്ഡങ്ങളുണ്ട്.

സെക്ഷൻ ഓഫീസർ.